പോലീസ് കോൺസ്റ്റബിൾമാരുടെ സ്റ്റൈപ്പന്റ് തുക

110 (3300) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാരുടെ സ്റ്റൈപ്പന്റ് തുക ഇതുവരെയും നൽകിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തുക എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 1998-ൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാർക്ക് സ്റ്റൈപ്പന്റ് തുക നൽകിയിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റു തുകയുടെ കുടിശ്ശിക നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ്

111 (3301) ശ്രീ. കെ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് ട്രെയിനികൾക്ക് വർദ്ധിപ്പിച്ച സ്റ്റൈപ്പന്റ് തുക നൽകി തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് നൽകുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് തുക പോലീസ് ട്രെയിനികൾക്ക് നൽകി വരുന്നുണ്ട്.

മാനസികരോഗിയായ യുവതിയെ പീഡിപ്പിച്ച കേസ്

112 (3302) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ഫെബ്രുവരി മാസത്തിൽ മാനസിക രോഗിയായ യുവതിയെ നെടുമങ്ങാട് ടാക്സി സ്റ്റാൻഡിൽ വച്ച് ബലാൽസംഗം ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(ബി) ഈ കേസ്സിലെ പ്രതികൾ ആരെല്ലാം ; ഇവരിൽ ആരെയെങ്കിലും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രതികളെ അറസ്റ്റ് ചെയ്ത് ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly